(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ കെ. എം. മാണി) :

(എ) ഡെൻമാർക്ക് സർക്കാരിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് മൂന്ന് ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ കരാർ ഒപ്പുവച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ വിവരങ്ങൾ താഴെ പറയുന്നു.

		തുക (കോടി) രൂപ
1.	ഇടപ്പാളും സമീപ പഞ്ചായത്തുകൾക്കും മുള്ള ശുദ്ധജലവിതരണ പദ്ധതി	3.3
2.	ചീക്കോടും സമീപ പഞ്ചായത്തുകൾക്കു മുള്ള ശുദ്ധജല വിതരണ പദ്ധതി	2.64
3.	കൊള്ളച്ചേരിയും 7 സമീപ പഞ്ചായത്തു കൾക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി	6.69

ദേശീയോദ്ഗ്രഥനത്തിന് അനുസൃതമായ പാഠ്യപദ്ധതി

*383. [411] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയോദ്ഗ്രഥനം ലക്ഷ്യമാക്കി നമ്മുടെ പാഠപദ്ധതി തയ്യാറാക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ദേശീയോദ്ഗ്രഥനം എന്ന ഉദാത്തമായ ആശയത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടുതന്നെയാണ് അഞ്ചുമുതൽ പത്തുവരെ ക്ലാസ്സുകളിലെ മാതൃഭാഷേതര പഠന പുസ്തകങ്ങൾ സംവിധാനം ചെയ്തിട്ടുള്ളതും 1987-88 മുതൽ പുതുക്കി തയ്യാറാക്കാനുദ്ദേശിക്കുന്ന ഭാഷാപാഠപുസ്തകങ്ങളിലും ഇതിന് വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ട്. ഈ ആശയത്തിന് കോട്ടം തട്ടത്തക്ക പരാമർശങ്ങൾ നിലവിലുള്ള പാഠപുസ്തകങ്ങളിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്.

സാമൂഹ്യ ജലസേചന പദ്ധതികൾ തെരഞ്ഞെടുക്കുന്നതിൽ ജനപ്രതിനിധികളുടെ പങ്ക്

*384. [412] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ ജലസേചന പദ്ധതികൾ ഏതെല്ലാം എന്ന് നിശ്ചയിക്കുന്നതിൽ ജനപ്രതിനിധികൾക്ക് എന്തെങ്കിലും പങ്കുണ്ടായിരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly